2024 JULY 31 WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com




# വയനാട് ഉരുൾ പൊട്ടൽ

# ഉള്ളുലഞ്ഞ് കേരളം

## ■ 126 ലധികം പേർക്ക് ജീവൻ നഷ്ടമായി ■ രക്ഷാപ്രവർത്തനം ദുഷ്കരം ■ നിരവധി പേർ മണ്ണിനടിയിൽ ■ ഒട്ടേറെപ്പേർ ഒഴുകിപ്പോയി



**കൊച്ചി:** വയനാട് ചൂരൽ മല, മുണ്ടക്കൈ എന്നിവടങ്ങളിൽ ഇന്നലെ പുലർച്ചെയുണ്ടായ ഉരുൾ പൊട്ടലിൽ 126 ഓളം പേർ മരിച്ചതായി അനൗദ്യോഗിക സ്ഥിരീകരണം.നൂറോളം പേരെ കാണാതായി.ദുരന്തത്തിൽപെട്ട ഒട്ടേറെപ്പേറെ മണ്ണിനടയിൽ കുടുങ്ങിക്കിടക്കുകയാണ്.നൂറോളം മൃതദേഹങ്ങൾ കണ്ടെടുത്തു. കൂടതൽ പേർക്കായി തിരച്ചിൽ നടക്കുകയാണ്.അതിതീവ്ര മഴയിലെ ഉരുൾപൊട്ടലിൽ ഒരു പ്രദേശമാകെ ഇല്ലാതെയായി. രാത്രിയിൽ ഉറങ്ങാൻ കിടന്നവരാണ് അപകടത്തിൽപെട്ടത്. ഒട്ടേറെപ്പേർ ഒഴുകിപ്പോയി.ചൊവ്വാഴ്ച പുലർച്ചെ രണ്ടു മണിക്കാണ് ആദ്യ ഉരുൾപൊട്ടൽ ഉണ്ടായത്. 4.10 ഓടെ വീണ്ടും ഉരുൾപൊട്ടി. മേപ്പാടിയും മുണ്ടക്കൈയും ചൂരൽമല ഉൾപ്പെടെ പ്രദേശത്തെ പല സ്ഥലങ്ങളും ഒറ്റപ്പെട്ടുപോവുകയും ചൂരൽമല, മുണ്ടക്കൈ റോഡ് ഒലിച്ചുപോകുന്ന നിലയുണ്ടാവുകയും ചെയ്തു. ഇവിടെയുള്ള വെള്ളാർമല ജി വി എച്ച് സ്കൂൾ പൂർണ്ണമായും മണ്ണിനടിയിലായി. ഇരുവഴിഞ്ഞിപ്പുഴ രണ്ടായി ഒഴുകുകയാണ്. വീടുകൾക്കും ജീവനോപാധികൾക്കുമേറ്റത് വലിയ നാശനഷ്ടമാണ്. മണ്ണിനടിയിൽ പെട്ടവരും ഒഴുക്കിൽ പെട്ടവരുമായി ഇനിയും ആളുകളുണ്ട്. ദുരന്തത്തിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമുട്ടം ഭാഗത്തേക്ക് മണിക്കൂറുകളെടുത്ത് താത്കാലിക പാലം ഉണ്ടാക്കി. കയർ കെട്ടി അവിടേക്ക് കടക്കാൻ വഴിയൊരുക്കി. 200 ഓളം പേർ അവിടെ പലയിടത്തായി അഭയം തേടിയിരുന്നു. അവരെയെല്ലാം വൈകുന്നേരത്തോടെ രക്ഷിച്ച് താഴേക്ക് എത്തിച്ചു.

രക്ഷാദൗത്യം നടത്തിയ സംഘത്തിന് വിവരം ലഭിച്ച എല്ലാ ഇടത്തുനിന്നും കുടുങ്ങിക്കിടന്നവരെ രക്ഷിച്ചുവെന്നാണ് ഔദ്യോഗിക അറിയിപ്പ്. എന്നാൽ ഇപ്പോഴും പല ഭാഗത്തായി ആളുകൾ കുടുങ്ങിക്കിടക്കുന്നുണ്ട്. ഇവർക്കായി തിരച്ചിൽ നടക്കുന്നു.ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, പോലീസ്, തുടങ്ങിയ വിവിധ സേനകൾ യോജിച്ച് പ്രവർത്തിക്കുകയാണ്. സൈനിക വിഭാഗങ്ങളുടെ സഹായവും അടിയന്തര പ്രാധാന്യത്തോടെ ലഭ്യമാക്കിയിട്ടുണ്ട്. കരസേനയുടെയും നാവിക സേനയുടെയും വിവിധ വിഭാഗങ്ങൾ രക്ഷാ പ്രവർത്തനത്തിനെത്തുന്നുണ്ട്. ഫയർ ഫോഴ്സിൽ നിന്നും 329 അംഗങ്ങളെ വിവിധ ജില്ലകളിൽ നിന്നായി വയനാടിലേക്ക് നിയോഗിച്ചിട്ടുണ്ട്. ഇതിൽ വാട്ടർ റെസ്ക്യൂ അക്കാദമിയിലെ 35 ട്രെയിൻഡ് അംഗങ്ങളും, 86 സിവിൽ ഡിഫെൻസ്, ആപ്ത മിത്ര അംഗങ്ങളും ഉൾപ്പെടുന്നു. എൻഡിആർഎഫിന്റെ 60 അംഗ ടീം വയനാട്ടിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു വരുന്നു. ബാംഗ്ലൂരിൽ നിന്നുള്ള സംഘം വയാനാട്ടിലേക്ക് പുറപ്പെട്ടിട്ടുണ്ട്. ഡിഎസ്സിയുടെ 64 പേരടങ്ങുന്ന ടീം വയനാട് എത്തിയിട്ടുണ്ട്. 89 പേരുടെ ടീം പുറപ്പെട്ടിട്ടുമുണ്ട്. മറ്റൊരു ഡിഎസ്സി ടീം കണ്ണൂരിൽ സജ്ജമാണ്. നേവിയുടെ റിവർക്രോസിങ്ങ് ടീമിനായും ഇടിഎഫ് ആർമിയുടെ ഒരു ടീമിനായും ഇന്ത്യൻ കോസ്റ്റ് ഗാർഡ് ടീമിനായും അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആരോഗ്യ വകുപ്പ്, പോലീസ്, റവന്യൂവകുപ്പ്, താലൂക്ക്തല ഐ.ആർഎസ്, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, വനം വകുപ്പ് എന്നിവയുടെയെല്ലാം നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്.

ലെഫ്റ്റനന്റ് കേണലിന്റെ നേതൃത്വത്തിലുള്ള സൈനിക സംഘം പുഴ മുറിച്ച് കടന്ന് മുണ്ടക്കൈ മാർക്കറ്റ് മേഖലയിലെത്തി അവിടെ കുടുങ്ങിക്കിടന്ന പരിക്കേറ്റ മുഴുവനാളുകളെയും രക്ഷപ്പെടുത്തി പുറത്തേക്ക് കൊണ്ടുവരുന്നതായും മുഖ്യമന്ത്രി അറിയിച്ചു. വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് താൽക്കാലിക ആശുപത്രികൾ പ്രവർത്തനം ആരംഭിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ്.വയനാട്ടിൽ പ്രാദേശികമായി ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടറെ നിയോഗിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറും സ്ഥലത്തെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.ചൂരൽമലയിൽ മദ്രസയിലും പള്ളിയിലും താത്ക്കാലിക ക്ലിനിക്കും സജ്ജമാക്കി. പോളിടെക്നിക്കിലെ താൽക്കാലിക ആശുപത്രി പ്രവർത്തനമാരംഭിച്ചു. ജില്ലയിലെ ആശുപത്രികളിൽ അധിക സൗകര്യങ്ങളൊരുക്കി. വയനാട് അധികമായി ആരോഗ്യ പ്രവർത്തകരെ നിയോഗിച്ചു. കോഴിക്കോട്, കണ്ണൂർ, തൃശൂർ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ടീമിനെ വയനാടേയ്ക്ക് അയച്ചു. കോഴിക്കോട്ട് നിന്നുള്ള രണ്ട് ടീം സ്ഥലത്തെത്തിയിട്ടുണ്ട്. സർജറി, ഓർത്തോപീഡിക്സ്, കാർഡിയോളജി, സൈക്യാട്രി, ഫോറൻസിക് തുടങ്ങിയ വിഭാഗങ്ങളിലെ ഡോക്ടർമാരെയും നഴ്സുമാരേയും അധികമായി നിയോഗിച്ചു. സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരുടെ സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. ദുരന്ത മേഖലകളിൽ പ്രവർത്തന പരിചയമുള്ള ഡോക്ടർ സംഘവും സ്ഥലത്ത് എത്തുന്നതാണ്.വയനാട് മാത്രമല്ല സമീപ ജില്ലകളായ മലപ്പുറം, കോഴിക്കോട് തുടങ്ങിയ വടക്കൻ ജില്ലകളിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. അവധിയിലുള്ള ആരോഗ്യ പ്രവർത്തകരോട് അടിയന്തരമായി തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദേശം നൽകി. ആവശ്യമായ മരുന്നുകളും മറ്റ് ഉപകരണങ്ങളും അധികമായി എത്തിച്ചു വരുന്നു. കനിവ് 108 ആംബുലൻസുകൾ ഉൾപ്പെടെ അധികമായി എത്തിച്ചു. മലയോര മേഖലയിൽ സഞ്ചരിക്കാൻ കഴിയുന്ന 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകളും സ്ഥലത്തേക്ക് അയയ്ക്കാൻ നിർദേശം നൽകി. ആശുപത്രികളുടെ സൗകര്യങ്ങൾക്കനുസരിച്ച് പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നതായും മന്ത്രി അറിയിച്ചു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ ഓഫീസിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ ആരംഭിച്ചു. ടെലിഫോൺ വഴിയുള്ള കൗൺസലിങ്ങിനും മറ്റു മാനസികാരോഗ്യ സേവനങ്ങൾക്കുമായി ടെലി മനസ് ശക്തിപ്പെടുത്തി. ടെലി മനസ് ടോൾഫ്രീ നമ്പരിൽ (14416) 24 മണിക്കൂറും സേവനം ലഭ്യമാണ്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ആരംഭിച്ച സ്റ്റേറ്റ് കൺട്രോൾ റൂം ശക്തിപ്പെടുത്തി 24 മണിക്കൂറാക്കി. 0471 2303476, 0471 2300208 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.



# കേരള മീഡിയ അക്കാദമി പരീക്ഷകൾ മാറ്റിവെച്ചു

**കൊച്ചി;** കേരള മീഡിയ അക്കാദമി ഇന്ന് ആരംഭിക്കാനിരുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പി.ആർ & അഡ്വർടൈസിംഗ് പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ സമയക്രമ പ്രകാരം ആഗസ്റ്റ് 5 മുതൽ 14 വരെ തിയറി പരീക്ഷകളും 29,30,31 തിയതികളിൽ വൈവയും നടക്കും. സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് എത്താനാകാത്ത സാഹചര്യത്തിലാണിത്. പുതുക്കിയ ടൈം ടേബിൾ അക്കാദമി വെബ്സൈറ്റിൽ ലഭിക്കും.

# മോട്ടോർ തൊഴിലാളി ക്ഷേമനിധി: അപേക്ഷ സമയപരിധി ദീർഘിപ്പിച്ചു

കൊച്ചി: മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവാംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന (സർക്കാർ /സർക്കാർ എയ്ഡഡ് സ്കൂൾ) കുട്ടികൾക്ക് പഠനോപകരണങ്ങളുടെ സൗജന്യ കിറ്റിനുള്ള 202425 അദ്ധ്യയന വർഷത്തിൽ അപേക്ഷ സ്വീകരിക്കുന്ന സമയപരിധി ഓഗസ്റ്റ് ഏഴു വരെ ദീർഘിപ്പിച്ചു. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും എറണാകുളം ജില്ലാ ആഫീസിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ംംം.സാംേളയ.്യീ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ എറണാകുളം (എസ് ആർ എം റോഡ്) ജില്ലാ ആഫീസിലും ലസാ.സാംേളയ@സലൃമഹമ.ഴീ.ശി, സാലേസാ7@ഴാമശഹ.രീ ഓൺലൈനായും സ്വീകരിക്കും. അപേക്ഷയോടൊപ്പം ഹാജരാക്കേ രേഖകൾക്കും വിശദ വിവരങ്ങൾക്കും ബന്ധപ്പെടേ ഫോൺ:04842401632.

# ക്വട്ടേഷൻ ക്ഷണിച്ചു

കൊച്ചി: ഹോർട്ടികോർപ്പ് എറണാകുളം ജില്ലാ സംഭരണ കേന്ദ്രത്തിൽ 2024 ഓണക്കാലത്ത് ഉൾപ്പടെയുള്ള പച്ചക്കറി സംഭരണ വിതരണത്തിന് കരാറടിസ്ഥാനത്തിൽ 3, 5, 10 ടൺ ശേഷിയുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നതിന് താല്പര്യമുള്ള ഏജൻസി/വ്യക്തികളിൽ നിന്നും മുദ്രവച്ച ക്വട്ടേഷ9 ക്ഷണിച്ചു.ക്വട്ടേഷൻ ലഭിക്കേ അവസാന തീയതി ആഗസ്റ്റ് 21 വൈകിട്ട് മൂന്ന് വരെ.

# അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അതിഥി അധ്യാപക ഒഴിവ്. യോഗ്യത പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ബിരുദാനന്തര ബിരുദം. പിഎച്ച് ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തി പരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി (ഒരു സെറ്റ് കോപ്പികളും സഹിതം) ഓഗസ്റ്റ് അഞ്ചിന് രാവിലെ 11 ന് നേരിട്ട് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് ംംം.ാമവമൃമഷമ.മര.ശി. സന്ദർശിക്കുക.

# വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനവിലക്ക്

കൊച്ചി: എറണാകുളം ജില്ലയിൽ ശക്തമായ മഴയുള്ള സാഹചര്യത്തിൽ മഴ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ഡിടിപിസിയുടെ കീഴിലുള്ളതും സ്വകാര്യ സംരംഭകരുടെ കീഴിലുള്ളതുമായ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രവേശനം നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. ഉത്തരവ് ലംഘിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്രവ4ത്തിപ്പിക്കുന്നവ4ക്കെതിരേ കർശന നടപടി സ്വീകരിക്കുന്നതായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

# മൂവാറ്റുപുഴ നിർമ്മല കോളജിലെ സംഭവം: മതേതര സമൂഹത്തിന് പാഠപുസ്തകം : കെസിബിസി

**കൊച്ചി:** ഏതാനും പെൺകുട്ടികളെ മുന്നിൽ നിർത്തി കോളേജിൽ നിസ്കരിക്കാനുള്ള സൗകര്യം ഒരുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരുകൂട്ടം വിദ്യാർഥികൾ കോതമംഗലം രൂപതയുടെ ഉടമസ്ഥതയിലുള്ള മൂവാറ്റുപുഴ നിർമ്മല കോളേജിൽ നടത്തിയ സമരത്തെ കേരളസമൂഹം അമ്പരപ്പോടെയാണ് കണ്ടതെന്ന് കെസിബിസി സാമൂഹിക ഐക്യ ജാഗ്രത കമ്മീഷൻ ചെയർമാൻ ഡോ. യൂഹാനോൻ മാർ തിയോഡോഷ്യസ്.സമൂഹത്തിൽ മതപരവും വർഗ്ഗീയവുമായ ചേരിതിരിവുകൾ സൃഷ്ടിക്കുന്ന ആശയപ്രചരണങ്ങളും നിർബ്ബന്ധബുദ്ധികളും ദോഷകരമാണെന്ന തിരിച്ചറിവ് പൊതുസമൂഹത്തിന് നൽകാൻ ഈ സംഭവവികാസങ്ങൾ വഴിയൊരുക്കി.കോളേജിന്റെ ഭാഗത്തുനിന്നുണ്ടായ പ്രതികരണവും മാതൃകാപരമായിരുന്നു. പ്രകോപനപരമായ നീക്കം നടത്തിയ വിദ്യാർത്ഥികളോട്, സഭയുടെ ഇത്തരം വിഷയങ്ങളിലുള്ള നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് തന്നെ, സംയമനത്തോടെയും സ്നേഹവാത്സല്യങ്ങളോടെയുമാണ് മാനേജ്മെന്റ് ഇടപെട്ടത്. നിസ്സാരമായ സംഭവങ്ങൾപോലും കലഹങ്ങളിലേയ്ക്കും കലാപങ്ങളിലേയ്ക്കും സമുദായങ്ങൾക്കിടയിലെ വിള്ളലുകളിലേയ്ക്കും നയിക്കുന്ന ഒട്ടേറെ മുൻകാല അനുഭവങ്ങൾ നമുക്കുമുന്നിൽ ഉണ്ടായിരിക്കെ, ഇത്തരമൊരു വേറിട്ട അനുഭവം സാമുദായിക സഹോദര്യത്തിന് പുതിയൊരു മാർഗ്ഗദീപമായി മാറുന്നു.അതേസമയം, പൊതുസമൂഹത്തിൽ അമ്പരപ്പുളവാക്കിയ ഇത്തരമൊരു ആവശ്യവാദത്തിന്റെ പിന്നാമ്പുറങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. തീവ്രചിന്താഗതികൾ ഒരു വിഭാഗം യുവജനങ്ങൾക്കിടയിൽ വേരാഴ്ത്തുന്നതും, ഘട്ടംഘട്ടമായി അത് വ്യാപിക്കുന്നതും തത്ഫലമായ അസ്വാരസ്യങ്ങൾ വിവിധ തലങ്ങളിൽ ഉടലെടുക്കുന്നതും വസ്തുനിഷ്ഠമായ നിരീക്ഷണങ്ങളും ആത്മാർത്ഥമായ തിരുത്തൽ നടപടികളും ആവശ്യപ്പെടുന്നുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക സമുദായം മാത്രമല്ല, എല്ലാ സമുദായനേതൃത്വങ്ങളും ഇത്തരത്തിൽ ഒരു സ്വയം വിലയിരുത്തൽ നടത്തുകയും അപകടകരമായ മൗലികവാദ തീവ്രവാദ ആശയങ്ങളുടെ പ്രചരണങ്ങളെ ചെറുത്തു തോൽപ്പിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

# പിഐബി മാധ്യമ ശിൽപശാല ഇന്ന് ആലുവയിൽ നടക്കും

**കൊച്ചി:** പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ (പിഐബി) സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല ഇന്ന് ആലുവയിൽ നടക്കും . രാവിലെ 09.30 ന് ആലുവയിലെ ഹോട്ടൽ ഫ്ലോറ കരിഷ്മ റെസിഡൻസിയിൽ ജില്ല പോലീസ് മേധാവി, എറണാകുളം റൂറൽ, ശ്രീ വൈഭവ് സക്സേന ശിൽപശാല ഉദ്ഘാടനം ചെയ്യും.പിഐബി, കേരള ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീ വി. പളനിച്ചാമി അധ്യക്ഷത വഹിക്കും.'പുതിയ ക്രിമിനൽ നിയമങ്ങൾ, ഒരു ആമുഖം' എന്ന വിഷയത്തിൽ കേരള ഹൈക്കോടതിയിലെ അഭിഭാഷകരായ അഡ്വ റീന എബ്രഹാം , അഡ്വ മൻസൂർ ബി.എച്ച്. എന്നിവർ ക്ലാസ് നയിക്കും. തുടർന്ന് 'വികസന പദ്ധതികളുടെ ആശയവിനിമയം & ഫലപ്രദമായ മാധ്യമപ്രവർത്തനത്തിന് ചില നുറുങ്ങുകൾ' എന്ന വിഷയത്തിൽ മുതിർന്ന പത്രപ്രവർത്തകനായ ശ്രീ ഇഗ്നേഷ്യസ് ഗോൺസാൽവസ് ആശയവിനിമയം നടത്തും .പിഐബി കൊച്ചി ഡയറക്ടർ രശ്മി റോജ തുഷാര നായർ കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ കുറിച്ച് വിവരിക്കും. കേരളത്തിലുള്ള കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളിലെ ഉദ്യോഗസ്ഥരും ചടങ്ങിൽ സംസാരിക്കും.. തുടർന്ന് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികളെ കുറിച്ച് പദ്ധതി ഗുണഭോക്താക്കൾ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കും.കേന്ദ്ര ഗവണ്മെന്റിന്റെ വിവിധ പദ്ധതികളെക്കുറിച്ച് പ്രാദേശിക ലേഖകർക്ക് അറിവ് പകരുക എന്ന ലക്ഷ്യത്തോടെയാണ് പിഐബി വിവിധ ജില്ലകളിൽ ഇത്തരം ശില്പശാലകൾ സംഘടിപ്പിക്കുന്നത്.

# സോഡ നിർമ്മാണ തൊഴിലാളി യൂണിയൻ സമ്മേളനം




**കൊച്ചി:** എറണാകുളം ജില്ല സോഡ നിർമ്മാണ തൊഴിലാളി യൂണിയൻ വാർഷിക പൊതുയോഗവും കുടുംബസംഗമവും കളമശ്ശേരി പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ നടന്നു. യൂണിയൻ ജില്ലാ പ്രസിഡന്റ് എൻ എ മണി അധ്യക്ഷത വഹിച്ചു. സിപിഎം കളമശ്ശേരി ഏരിയ സെക്രട്ടറി കെ ബി വർഗീസ് ഉൽഘാടനം ചെയ്തു. കുടുംബ സംഗമം സി ഐ ടി യു കളമശ്ശരി ഏരിയ സെക്രട്ടറി മുജീബ് റഹ്മാൻ ഉൽഘാടനം ചെയ്തു. എ എം യൂസഫ്, സി പി സലീം പതുവന, എൻ വി മഹേഷ്, എം എൻ സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു.എസ് എസ് എൽ സി ,പ്ലടു വിദ്യാർത്ഥികളെയും, മുതിർന്ന തൊഴിലാളികളെയും ആദരിച്ചു.സി ഐ ടി യു ജില്ലാ ഘടകത്തിൽ യൂണിയൻ അഫിലിയേറ്റ് ചെയ്യുന്നതിന് സമ്മേളനം തീരുമാനിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 'ഇംപാക്ട് പിച്ച്' മത്സരം: സ്റ്റാർട്ടപ്പുകൾക്കായി കെഎസ് യു എം ബ്രീഫിങ്

**കൊച്ചി:** ആഗോളതലത്തിൽ വെബ്3 സെല്യൂഷനുകൾ വികസിപ്പിക്കുന്ന നിർമ്മാതാക്കൾക്കും സ്ഥാപനങ്ങൾക്കും പിന്തുണ നൽകുന്ന അൽഗോറാൻഡ് ഫൗഷേന്റെ അൽഗോ ഭാരത് 'റോഡ്2 ഇംപാക്റ്റ് പിച്ച് മത്സരം' സംഘടിപ്പിക്കുന്നു.മത്സരത്തിന് മുന്നോടിയായി ഇംപാക്റ്റ് പിച്ചിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്കായി കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ് യുഎം) കേരള ബ്ലോക്ക് ചെയിൻ അക്കാദമിയും സംയുക്തമായി ബ്രീഫിങ് സെഷൻ നടത്തും.സ്റ്റാർട്ടപ്പ് മിഷന്റെ കളമശേരി സെന്ററിൽ നാളെ നടക്കുന്ന ബ്രീഫിങ് സെഷനിലൂടെ മത്സരാർത്ഥികൾക്കുള്ള മാർഗനിർദേശങ്ങൾ ലഭിക്കും. ഇംപാക്റ്റ് പിച്ചിനെക്കുറിച്ചുള്ള സംശയനിവാരണത്തിനും മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനും മത്സരാർത്ഥികൾക്ക് ഈ സെഷൻ സഹായകമാകും.നൂതനത്വവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായാണ് അൽഗോറാൻഡ് ഫൗഷേൻ ഇംപാക്ട് പിച്ച് മത്സരം സംഘടിപ്പിക്കുന്നത്. അൽഗോറാൻഡിൻറെ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ ആശയങ്ങളിലൂടെ ഫലപ്രദമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.തിരുവനന്തപുരം ടെക്നോപാർക്കിലെ പാർക്ക് സെൻററിൽ ആഗസ്റ്റ് 10 നാണ് 'ഇംപാക്ട് പിച്ച്' ഫൈനൽ മത്സരം നടക്കുന്നത്. വെബ്3 മേഖലയിലെ ഏറ്റവും മികച്ച ആശയങ്ങൾ ഏകോപിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഫൈനൽ മത്സരം. പുത്തൻ ആശയങ്ങളുള്ള സ്റ്റാർട്ടപ്പുകൾക്ക് മത്സരത്തിൽ പങ്കെടുക്കാം.വ്യക്തിഗതമായി പങ്കെടുക്കാനാകുന്ന ഡെവലപ്പർ ട്രാക്ക്, ടീമുകൾക്കായുള്ള സ്റ്റാർട്ടപ്പ് ട്രാക്ക് എന്നീ രു വിഭാഗങ്ങളിലായാണ് മത്സരം.മികച്ച പ്രകടനം നടത്തുന്നവർക്ക് ഡിസംബറിൽ നടക്കുന്ന അൽഗോ ഫൗഷേൻ ഇന്ത്യ സമ്മേളത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കും.

# സിഗാൾ ഇന്ത്യ ലിമിറ്റഡ് പ്രഥമ ഐപിഒ നാളെ

കൊച്ചി: പ്രമുഖ ഇൻഫ്രാസ്ട്രക്ച്ചർ കൺസ്ട്രക്ഷൻ കമ്പനിയായ സിഗാൾ ഇന്ത്യ ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ആഗസ്റ്റ് ഒന്നി ന് ആരംഭിക്കും. 380401 രൂപയാണ് ഇക്വിറ്റി ഓഹരി വിലയായി നിശ്ചയിച്ചിരിക്കുന്നത്. അഞ്ചു രൂപയാണ് മുഖവില. ചുരുങ്ങിയത് 37 ഓഹരികളോ ഇതിന്റെ മടങ്ങുകളോ ആയി വാങ്ങാം. ആഗസ്റ്റ് 5 ന് വിൽപ്പന അവസാനിക്കും.പുതിയ ഓഹരികളുടെ വിൽപ്പനയിലൂടെ 684.252 കോടി രൂപ വരെ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. കൂടാതെ കമ്പനിയുടെ പ്രാമോട്ടർമാരുടെ കൈവശമുള്ള 1,41,74,840 ഓഹരികളും വിറ്റൊഴിയും. എലിവേറ്റഡ് റോഡുകൾ, മേൽപ്പാലങ്ങൾ, പാലങ്ങൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ, ടണലുകൾ, ഹൈവേകൾ, മെട്രോകൾ, എക്സ്പ്രസ് വേകൾ, റൺവേകൾ തുടങ്ങിയ ഘടനാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഇന്ത്യയിലെ പത്ത് സംസ്ഥാനങ്ങളിലായി 34 പദ്ധതികൾ പൂർത്തിയാക്കിയ കമ്പനിയാണ് ലുധിയാന ആസ്ഥാനമായി പ്രവർത്തിക്കുന്ന സിഗാൾ ഇന്ത്യ ലിമിറ്റഡ്.

# ഡെയ്ംലർ ഇന്ത്യ: ആണ്ടമുത്തു ബിസിനസ് മേധാവി



കൊച്ചി: ഡെയ്ംലർ ട്രക്ക് എ.ജി.യുടെ ('ഡെയ്ംലർ ട്രക്ക്') ഉടമസ്ഥതയിലുള്ള ഡെയ്മ്ലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ് (ഡി.ഐ.സി.വി.) 2024 ജൂലൈ 1 മുതൽ ബസ് ബിസിനസ് മേധാവിയായി ആണ്ടമുത്തു പൊന്നുസാമിയെ നിയമിച്ചതായി പ്രഖ്യാപിച്ചു. ഡി.ഐ.സി.വി.യുമായുള്ള തൻറെ യാത്ര 2011ൽ ആരംഭിച്ച ആ്മുത്തു പി. ഓട്ടോമോട്ടീവ് (പാസഞ്ചർ, കൊമേഴ്സ്യൽ വെഹിക്കിൾ) വ്യവസായത്തിൽ, വിശേഷിച്ചും ഓപ്പറേഷൻസ് മാനേജ്മെന്റിൽ 35 വർഷത്തിലേറെ പരിചയസമ്പത്തുമായാണ് എത്തുന്നത്

# വ്യാപാർ വികാസ് സ്വർണ പണയ വായ്പയുമായി മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** 137 വർഷത്തെ പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ (നീല മുത്തൂറ്റ്) പതാക വാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് വ്യാപാരികൾക്കായി വ്യാപാർ വികാസ് ഗോൾഡ് ലോൺ എന്ന പുതിയ സ്വർണ പണയ വായ്പ അവതരിപ്പിച്ചു. ഏഴു ദിവസം മുതൽ 12 മാസം വരെയാണ് വായ്പ കാലാവധി. തുക ഉപയോഗിച്ച ദിവസങ്ങൾക്കു മാത്രമായിരിക്കും പലിശ ഈടാക്കുക. ഒളിഞ്ഞിരിക്കുന്ന ചാർജുകൾ ഇല്ലാതെ മുൻകൂറായി പണമടയ്ക്കാനുള്ള സംവിധാനം, ക്രെഡിറ്റ് ഹിസ്റ്ററിയിലുള്ള (സിബിൽ സ്കോർ) അയവ്, ആകർഷകമായ പലിശ നിരക്ക് എന്നിവ ഇതിന്റെ പ്രത്യേകതകളാണ്. ഡിമിനിഷിങ് രീതിയിലാണ് ഈ പദ്ധതിയിൽ പലിശ കണക്കാക്കുന്നത്. വ്യാപാരികളുടെ ബിസിനസിനു പിന്തുണ നൽകാനും വിപുലീകരിക്കാനും സാധ്യമാകുന്ന തരത്തിൽ ആഭരണങ്ങൾ പണയപ്പെടുത്തി പരമാവധി വായ്പ നേടാൻ ഇതിലൂടെ സാധിക്കും. വ്യാപാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ വ്യാപാർ വികാസ് ഗോൾഡ് ലോൺ അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾ നടത്തുന്നവർക്ക് ഇതു കൂടുതൽ പ്രയോജനകരമാണ്. എളുപ്പത്തിലുള്ള പ്രതിദിന തിരിച്ചടവ്, പ്രത്യേക ചാർജുകളില്ലാതെ മുൻകൂർ പണം അടയ്ക്കാനുള്ള അവസരം, ബാക്കിയുള്ള തുകയ്ക്കു മാത്രം പലിശ ഈടാക്കൽ, ആകർഷകമായ പലിശ നിരക്ക്, ഡിജിറ്റലായി പണം തിരിച്ചടക്കാനുള്ള സൗകര്യങ്ങൾ തുടങ്ങിയവ വഴി ഇന്ത്യയിൽ ഉടനീളമുള്ള വ്യാപാരികളെ ശാക്തീകരിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.വ്യാപാരികൾക്ക് ബ്രാഞ്ചിൽ എത്താതെ മുത്തൂറ്റ് ഫിൻകോർപ്പ് വൺ മൊബൈൽ ആപ്പ് വഴി ഡിജിറ്റലായി തിരിച്ചടവ് നടത്താനുള്ള സൗകര്യവും വ്യാപാർ വികാസ് ഗോൾഡ് ലോണിലുണ്ട്. കൂടാതെ എല്ലാ ദിവസവും ഏതു സമയത്തും എസ്എംഎസ് വഴിയോ ആപ്പ് വഴിയോ ലോൺ തുക ടോപ്പ് അപ്പ് ചെയ്യാനും സാധിക്കും.

# സിഎസ്ബി ബാങ്കിന് 113.32 കോടി രൂപ അറ്റാദായം

**കൊച്ചി:** സിഎസ്ബി ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിൽ 113.32 കോടി രൂപ അറ്റാദായം കൈവരിച്ചു. 172.49 കോടി രൂപയുടെ പ്രവർത്തന ലാഭവും ഈ കാലയളവിൽ കൈവരിച്ചിട്ടു്. 171.83 കോടി രൂപയുടെ അറ്റ പലിശ വരുമാനമാണ് ഒന്നാം ത്രൈമാസത്തിൽ ബാങ്കിനു ലഭിച്ചത്. മൊത്തം എൻപിഎ 1.69 ശതമാനവും അറ്റ എൻപിഎ 0.68 ശതമാനവും ആണെന്നും ഒന്നാം ത്രൈമാസത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു.ഈ കാലയളവിൽ തങ്ങൾക്ക് നിക്ഷേപത്തിൽ 22 ശതമാനവും വായ്പകളിൽ 18 ശതമാനവും വളർച്ചയാണ് വാർഷികാടിസ്ഥാനത്തിൽ കൈവരിക്കാനായതെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രളയ് മണ്ഡൽ പറഞ്ഞു. ഫുകൾക്കായുള്ള ചെലവുകൾ വർധിക്കുകയും ഫെയ്സ് വിഭാഗത്തിൽ അധിക ചെലവുാകുകയും ചെയ്ത പശ്ചാത്തലത്തിനും തങ്ങൾക്ക് 113 കോടി രൂപയുടെ അറ്റാദായവും 172 കോടി രൂപയുടെ പ്രവർത്തന ലാഭവും കൈവരിക്കാനായതായും അദ്ദേഹം ചൂിക്കാട്ടി.



സൊസൈറ്റി ടുഡേ
SOCIETY TODAY

# മഴ: ഏത് സാഹചര്യവും നേരിടാൻ ജില്ല സജ്ജം



**കൊച്ചി:** ജില്ലയിൽ മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തരയോഗംജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്നു. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ജില്ലയിൽ സജ്ജമാണെന്ന് യോഗം വിലയിരുത്തി. അടുത്ത 24 മണിക്കൂർ കൂടി ശക്തമായ മഴ നിലനിൽക്കാനുള്ള സാഹചര്യമാണുള്ളത്. മണ്ണിടിച്ചിൽ, വെള്ളപ്പൊക്ക സാധ്യതകളിൽ കഴിയുന്നവരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അടിയന്തരമായി മാറ്റാൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർദേശിച്ചു. പെരിയാറിൽ വെള്ളം ഉയരുന്ന സാഹചര്യത്തിൽ തീരത്തുള്ളവർ ജാഗ്രത പാലിക്കണം. എല്ലാ തഹസിൽദാർമാരും വില്ലേജ് ഓഫീസർമാരും, പഞ്ചായത്ത് സെക്രട്ടറിമാർ, മറ്റ് ഓഫീസർമാർ എന്നിവർ ഫീൽഡിൽ ഉാകണമെന്ന് നിർദേശം നൽകി. ഫയർ, പോലീസ്, ഗതാഗതം, തദ്ദേശവകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളും സജ്ജമാണ്. കേന്ദ്ര ഏജൻസികളായ നേവി, കോസ്റ്റ് ഗാർഡ്, എൻഡിആർഎഫ് എന്നിവയും രംഗത്തു്. വിവിധ സേനാ വിഭാഗങ്ങൾ ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കണെ. നിലവിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ സബ് കളക്ടർ സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തണം. മണ്ണിടിച്ചിൽ ഉാകാൻ സാധ്യതയുള്ള സ്ഥലങ്ങൾ, കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ജനങ്ങളെ മാറ്റിപാർപ്പിക്കണം. നദീതീരങ്ങളിൽ പോലീസ് പട്രോളിംഗ് ഉാകണമെന്നും ജില്ലാ ദുരന്തനിവാരണ അതോറിട്ടി കോ ചെയർമാൻ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പറഞ്ഞു. തീരപ്രദേശങ്ങളിൽ മൈക്ക് അനൗൺസ്മെന്റ് നടത്തണം. അതാത് പഞ്ചായത്തുകൾ ഇതിനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ കൈവശമുള്ള ദുരന്ത പ്രതിരോധ ഉപകരണങ്ങൾ ഏകോപിപ്പിക്കാനും അദ്ദേഹം നിർദേശിച്ചു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കൊച്ചി കോർപറേഷൻ സെക്രട്ടറി ചെൽസാ സിനി, സബ് കളക്ടർ കെ.മീര, മുവാറ്റുപുഴ ആർഡിഒ ഷൈജു, തഹസിൽദാർമാർ, ജില്ലാതല ഉദ്യോഗസ്ഥർ, നേവി, കോസ്റ്റ്ഗാർഡ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# മഴക്കാലത്ത് ഭക്ഷണക്രമത്തിൽ ജാഗ്രത വേണം: രോഹിണി പാട്ടീൽ

**കൊച്ചി:** മഴക്കാലത്ത് സമീകൃതവും പോഷകസമൃദ്ധവുമായ ഭക്ഷണക്രമം നിലനിർത്തേണ്ടത് പ്രധാനമാണെന്ന് പ്രശസ്ത ന്യൂട്രീഷനിസ്റ്റ് ഡോ.രോഹിണി പാട്ടീൽ. ബദാം, ഫ്രഷ് ഫ്രൂട്ട്സ്, സീസണൽ പച്ചക്കറികൾ എന്നിവ പോലുള്ള പോഷക സമ്പുഷ്ടമായ ഭക്ഷണങ്ങൾ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഈ ഭക്ഷണങ്ങളിൽ അവശ്യ പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്, അത് ഊർജം വർധിപ്പിക്കുന്നതോടൊപ്പം, പ്രതിരോധശേഷിയെയും ശക്തിപ്പെടുത്തും. ദിവസവും ഒരു പിടി ബദാം കഴിക്കുന്നതും പതിവായി വ്യായാമം ചെയ്യുന്നതും ആരോഗ്യകരമായ ജീവിതശൈലിയും മൊത്തത്തിലുള്ള ക്ഷേമവും നിലനിർത്താൻ സഹായിക്കും. ദഹന സംബന്ധമായ അസ്വസ്ഥതകൾ വർധിപ്പിക്കുകയും, ഭക്ഷണത്തിലൂടെയും ജലത്തിലൂടെയും പകരുന്ന രോഗങ്ങളുടെ സാധ്യത വർധിപ്പിക്കുകയും ചെയ്യുന്നതിനാൽ ജങ്ക് ഫുഡ് ഒഴിവാക്കണം. പഴകിയതോ ബാക്കി വന്നതോ ആയ ഭക്ഷണം ഒഴിവാക്കണം. മഴക്കാലത്ത് ചില ഇലക്കറികളും അസംസ്കൃത പച്ചക്കറികളും കഴിക്കുമ്പോൾ ജാഗ്രത പാലിക്കേണ്ടത് പ്രധാനമാണെന്നും അവർ കൂട്ടിച്ചേർത്തു.

# വയനാട് ദുരന്തം: തിരുവനന്തപുരത്ത് കളക്ഷൻ സെന്റർ ആരംഭിച്ചു

**തിരുവനന്തപുരം:** വയനാട് ദുരന്തത്തിലെ ദുരിതബാധിതർക്ക് അവശ്യസാധനങ്ങൾ എത്തിക്കുവാൻ തിരുവനന്തപുരം കളക്ട്രേറ്റ് ഗ്രൗണ്ട് ഫ്ളോറിൽ കളക്ഷൻ സെന്റർ തുറന്നു. ദുരിതബാധിതർക്ക് സഹായമായി സാധനങ്ങൾ ഇതിനോടകം വാങ്ങിയവർ കളക്ഷൻ സെന്ററിൽ രാവിലെ 10 മുതൽ രാത്രി 10 വരെ എത്തിക്കാവുന്നതാണ്. പഴയ വസ്തുക്കൾ സ്വീകരിക്കില്ല. പുതിയതായി സാധനങ്ങൾ ആരും തന്നെ വാങ്ങേണ്ടതില്ല. ആവശ്യമുണ്ടെങ്കിൽ ദുരന്ത നിവാരണ അതോറിറ്റി അറിയിക്കും.നിലവിൽ പുനരധിവാസത്തിന് പ്രാധാന്യം നൽകുന്നതിനാൽ സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകേണ്ടതാണ്.ഇതു സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ ജില്ലയിലെ കൺട്രോൾ റൂം നമ്പറായ 1077 ൽ വിളിയ്ക്കാവുന്നതാണ്.

# നൽകാം.. വയനാടിന് കാരുണ്യ സ്പർശം

**കൊച്ചി:** വയനാട്ടിൽ ദുരന്തത്തിൽപ്പെട്ടു ദുരിതമനുഭവിക്കുന്നവർക്കായി അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ശേഖരണ കേന്ദ്രം ആരംഭിക്കുന്നു. കടവന്ത്ര റീജിയണൽ സ്പോർട്ട്സ് സെന്ററിലായിരിക്കും കേന്ദ്രം. ഇന്നു മുതൽ കേന്ദ്രം സജീവമാകും. കൂടുതൽ വിവരങ്ങൾ ഉടൻ നൽകുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു

# സംസ്കൃത സർവ്വകലാശാല: പി. ജി. സീറ്റ് ഒഴിവുകൾ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിൽ എം. എസ്!സി (സൈക്കോളജി), എം. എസ്!സി. (സൈക്കോളജി ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്), എം. എസ്!സി. (ജ്യോഗ്രഫി), എം. എസ്!സി. (ജ്യോഗ്രഫി ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്), എം. എ. (ഫിലോസഫി) പ്രോഗ്രാമുകളിൽ എസ്. സി. / എസ്. ടി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിരിക്കുന്ന ഒഴിവുകളിലേയ്ക്കും എം. എ. (ഫിലോസഫി) പ്രോഗ്രാമിൽ ഒഴിവുള്ള ര് ജനറൽ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനായി സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നുമാണ് പ്രവേശനം നടത്തുക. പ്രവേശന പരീക്ഷ ജൂലൈ 31ന് രാവിലെ 11ന് അതത് പഠനവകുപ്പുകളിൽ നടത്തും. താൽപര്യമുള്ള യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണമെന്ന് സർവ്വകലാശാല അറിയിച്ചു.

# ലൈറ്റ് ടെക്നീഷ്യൻ ഇന്റർവ്യൂ മാറ്റി വച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ നാടകപഠന വിഭാഗത്തിൽ ലൈറ്റ് ടെക്നീഷ്യൻ തസ്തികയിലേയ്ക്ക് യോഗ്യരായവരുടെ പാനൽ തയ്യാറാക്കുന്നതിനായി ജൂലൈ 31ന് രാവിലെ 11ന് സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലുള്ള നാടക വിഭാഗത്തിൽ നടത്താനിരുന്ന വാക്ക് ഇൻ ഇന്റർവ്യൂ ഓഗസ്റ്റ് ഏഴിലേയ്ക്ക് മാറ്റിയതായി സർവ്വകലാശാല അറിയിച്ചു. യോഗ്യതഃ നാടകപഠനത്തിൽ ബിരുദാനന്തര ബിരുദവും നാടക ലൈറ്റിംഗിൽ പ്രത്യേക പ്രാവീണ്യവും. ദിവസവേതനാടിസ്ഥാനത്തിലായിരിക്കുംനിയമനം. പ്രതിദിന വേതനം 880/രൂപ മാത്രം. നിയമനം യോഗ്യരായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് ഏഴിന് രാവിലെ 11ന് സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലുള്ള നാടക വിഭാഗത്തിൽ എത്തിച്ചേരണമെന്ന് സർവ്വകലാശാല അറിയിച്ചു.

# ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചിടും

**കൊച്ചി:** അതിശക്തമായ മഴയും കാറ്റും തുടരുന്ന സാഹചര്യത്തിൽ മലയാറ്റൂർ വനം ഡിവിഷനു കീഴിലുള്ള കാലടി മഹാഗണിത്തോട്ടം, ഭൂതത്താൻകെട്ട്, പാണിയേലിപോര് എന്നീ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ജൂലൈ 31, ഓഗസ്റ്റ് 1, 2 തിയതികളിൽ അടച്ചിടും

# ജസ്റ്റീസ് ബാലകൃഷ്ണൻ കമ്മീഷൻ പൊതുതെളിവെടുപ്പ് നാളെ

**കൊച്ചി:** ജസ്റ്റീസ് ബാലകൃഷ്ണൻ കമ്മീഷൻ ഓഗസ്റ്റ് ഒന്നിന് രാവിലെ 11 ന് എറണാകുളം ജില്ലയിൽ പബ്ലിക് ഹിയറിങ്ങിനായി സന്ദർശനം നടത്തുന്നു. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ (മുൻ ചീഫ് ജസ്റ്റീസ് ഓഫ് ഇന്ത്യ), മെമ്പർമാരായ രവീന്ദർ കുമാർ ജെയ്ൻ, പ്രൊഫ. സുഷമ യാദവ് എന്നിവരുടെ നേതൃത്വത്തിൽ കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുന്ന ഹിയറിംഗിൽ പങ്കെടുത്ത് നിവേദനങ്ങൾ രാവിലെ 10 മുതൽ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടാം. ഫോൺ : 04842422256.

# കശുമാവ് കൃഷി വികസനത്തിന് വിവിധ പദ്ധതികൾ

**കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷി വികസനത്തിനായി ഈ സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പാക്കുന്നു.**

**1. മുറ്റത്തൊരു കശുമാവ് പദ്ധതി**

കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കോളജ് വിദ്യാർഥികൾ, അഗ്രികൾച്ചർ ക്ലബുകൾ എന്നിവർക്കായി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതി.

പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടു മുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ തൈകൾ സൗജന്യമായി നൽകും.

**2. കശുമാവ് പുതുകൃഷി**

ഈ പദ്ധതി പ്രകാരം കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകും. ഒരു ഹെക്ടർ സ്ഥലത്ത് 7o * 7o അകലത്തിൽ 200 തൈകൾ എന്ന കണക്കിൽ കൃഷി ചെയ്യണം. ഒരേക്കറെങ്കിലും കൃഷി ചെയ്യുന്നവർക്കാണ് ആനുകൂല്യം.

**3. അതിസാന്ദ്രത കൃഷി**

ഒരു നിശ്ചിത സ്ഥലത്ത് നടീൽ അകലം കുറച്ച് തൈകളുടെ എണ്ണം കൂട്ടി തുടക്കം മുതൽ ആദായം കൂടുതൽ കിട്ടാൻ വേണ്ടിയുള്ള കൃഷി രീതിയാണ്. അതിൻ പ്രകാരം 5o * 5o അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടാനുള്ള ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകും.

തൈകൾ നശിച്ചു പോയാൽ കർഷകൻ സ്വന്തം ചെലവിൽ തൈകൾ വാങ്ങി നട്ടാൽ മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ. ഒരേക്കറെങ്കിലും കൃഷി ചെയ്യുവർക്ക് മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

**4. അതീവ സാന്ദ്രത കൃഷി**

ഡി.സി.ആർ. പുതൂർ (ഐ.സി.എ.ആർ), സി.ആർ.എസ്. മാടക്കത്തറ (കെ.എ.യു) എന്നീ കശുമാവ് ഗവേഷഷണ കേന്ദ്രങ്ങൾ വഴി കിട്ടുന്ന മേൽത്തരം കശുമാവ് ഗ്രാഫ്റ്ററുകൾ ഉപയോഗിച്ച് ഒരു ഹെക്ടർ സ്ഥലത്തു നിന്ന് ഒരു മെട്രിക് ടൺ കശുവണ്ടി സ്ഥിരമായി ഉത്പാദിപ്പിക്കാൻ സഹായിക്കുന്ന കൃഷി സമ്പ്രദായമാണ് അതീവ സാന്ദ്രത കൃഷി.

ഒരു ഹെക്ടറിന് 1100 തൈകൾ കർഷകന് നൽകി പരീക്ഷണാടിസ്ഥാനത്തിലാണു പദ്ധതി നടപ്പാക്കുന്നത്. അതിനായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് സ്വന്തമായി തുള്ളിനന ഫെർട്ടിഗേഷൻ സൗകര്യം ഉണ്ടായിരിക്കണം.

പദ്ധതിയുടെ നടത്തിപ്പിന് ഒരു ഹെക്ടറിന് 1 ലക്ഷം രൂപ തൈയുടെ വിലയും ഡ്രിപ് യൂണിറ്റ് ഓവർ ഹെഡ് ടാങ്ക്, പമ്പ് ഉൾപ്പെടെ സബ്സിടിയായി നൽകും. മറ്റ് അനുബന്ധ ചെലവുകൾ കർഷകർ വഹിക്കണം.

**5. തേനീച്ച കോളനി**

കശുമാവ് പരപരാഗണം പരിപോ ഷിക്കുന്നതിൻറെ ഭാഗമായി 3 വർഷം പ്രായം കഴിഞ്ഞതും ഉത്പാദനം തുട ങ്ങിയതുമായ മരങ്ങൾക്ക് 1 ഹെക്ടറിന് 25 തേനീച്ച കോളനികൾ സബ്സിഡി നിരക്കിൽ നൽകും. ഒരേക്കർ മുതൽ 10 ഏക്കർ വരെ കൃഷിയുള്ള കർഷ കർക്കാണ് ഈ ആനുകൂല്യം.

**കൂടുതൽ വിവരങ്ങൾക്ക്** Office of the Special Officer (Cashew) & Kerala State Agency for the expansion of Cashew Culivtation Aravind Chambser, Mundakkal, Kollam, Kerala þ691 001 Phone: +91 474 2760456, +91 9446307456, +91 9496045000. EMAIL : [email protected] [email protected].





# മല്ലി കൃഷി ചെയ്യാം

മല്ലിയില വീട്ടിൽത്തന്നെ ഉൽപാദിപ്പിക്കുന്ന ഒട്ടേറെ പേരുണ്ട്. ഒരു വീട്ടിലേക്ക് ആവശ്യമായ മല്ലിയില വളരെ കുറവാണ് എന്നതു കൊണ്ടുതന്നെ പരിമിതമായ സ്ഥലത്തുപോലും അനായാസം മല്ലി മുളപ്പിച്ച് എടുക്കാം.

ഏതു കൃഷിക്കും ആദ്യ പടി മണ്ണൊരുക്കലാണ്. പുതിയ മണ്ണാണങ്കിൽ കുമ്മായം ചേർത്ത് മണ്ണ് സൗകര്യം പോലെ വെയിൽ കൊള്ളിച്ച ശേഷം വലിയ കല്ലുകളെല്ലാം നീക്കി ചാണകപ്പൊടി, ചകിരിച്ചോറ്, അൽപം വേപ്പിൻ പിണ്ണാക്ക്, അൽപം കമ്പോസ്റ്റ് എന്നിവ ചേർത്ത് ഇളക്കിയെടുക്കുക. അതല്ലെങ്കിൽ, നന്നായി കയ്ഫലം കിട്ടിയതും രോഗ ബാധ ഉണ്ടാകാത്തതും ചെളി ഇല്ലാത്തതും നല്ല ഇളക്കമുള്ളതുമായ ഒരു ഗ്രോബാഗിലെ മണ്ണ് എടുക്കുക. അതിൽ കുറച്ച് ചാണകപ്പൊടി, അൽപം കമ്പോസ്റ്റ് എന്നിവ ചേർക്കുക (മറ്റ് വളങ്ങളും ചേർക്കാം, ഒന്നും അമിതം ആകണ്ട).

ഗ്രോബാഗിനേക്കാൾ നല്ലത് അടുക്കളത്തോട്ടത്തിന് ചട്ടിയോ, വിസ്താരമുള്ള ബേസിനോ ആണ്. മഴ ഏറിയാൽ ഇവ അനായാസം മാറ്റി വയ്ക്കാൻ കഴിയും.

ചട്ടിയിൽ മുക്കാൽ ഭാഗത്തോളം നടീൽ മിശ്രിതം നിറയ്ക്കണം. മൂന്നോ നാലോ ദിവസം നന്നായി നനയ്ക്കുക. വിത്ത് പാകുന്നതിന്റെ അന്ന് കാലത്തെ നനയ്ക്കുക. വിത്ത് പാകാനായി വട്ടത്തിൽ ഒരു ചാലെടുക്കുക. വിരൽ കൊണ്ട് വരച്ചാൽ മതിയാകും. ഈ ചാലിലേക്ക് വിത്ത് പാകാം.

32 ഏക്കറിൽ ജൈവക്യഷി; ഒപ്പം പശുവും ആടും കോഴിയും: മുതലമടയിൽ കെട്ടിപ്പൊക്കിയ ഏദൻതോട്ടം

32 ഏക്കറിൽ ജൈവക്യഷി; ഒപ്പം പശുവും ആടും കോഴിയും: മുതലമടയിൽ കെട്ടിപ്പൊക്കിയ ഏദൻതോട്ടം

വിത്ത് വെള്ളത്തിൽ ഒരു ദിവസം കുതിർത്തതോ, തേയില വെള്ളത്തിൽ 20 മിനിട്ട് ഇട്ടതോ ആകാം. പിളർത്തിയ ശേഷം പാകുന്നത് അതിവേഗം മുളയ്ക്കാൻ സഹായിക്കും.

വിതറിയ മല്ലി വിത്തിനു മുകളിൽ വിത്ത് മൂടത്തക്ക വിധം സംസ്കരിച്ച ചകിരിച്ചോർ ഇടുക. ചകിരിച്ചോറിനു മുകളിൽ വെള്ളം തളിച്ചുകൊടുക്കാം. മുളയ്ക്കുന്നതു വരെ ഇങ്ങനെ നനയ്ക്കാം. വെള്ളം അധികമാകരുത്. മുകൾ ഭാഗത്ത് എപ്പോഴും നനവ് മാത്രം മതി.

മുളച്ചു തുടങ്ങിയാൽ വെയിലിൽ വച്ച് കൊടുക്കാം. വെയിൽ കിട്ടുന്ന സൺഷേഡിന് താഴെ വച്ചാൽ മഴയിൽനിന്നും രക്ഷപ്പെടാം. ആവശ്യത്തിന് വെയിൽ കിട്ടാതിരുന്നാൽ മുളച്ച് നീണ്ട് ആരോഗ്യമില്ലാതെ വളരും.

മുളച്ചു വരുന്ന തൈകൾക്ക് വെള്ളം സ്പ്രേ ചെയ്ത് നൽകാം. നന ശ്രദ്ധിച്ചില്ലെങ്കിൽ ചെടികൾ ചെരിയും പിന്നെ നന്നായി കിട്ടില്ല.

# കല്ലുമ്മക്കായ കൃഷിയുടെ ഹബ്ബാകാൻ കണ്ണൂർ

തീൻ മേശയിലെ ഇഷ്ടവിഭവമായ കല്ലുമ്മക്കായ കൃഷിയിൽ സാദ്ധ്യതകൾ തുറന്ന് കല്ലുമ്മക്കായ കൃഷിയുടെ ഹബ്ബായി കണ്ണൂരിനെ മാറ്റാനുള്ള പദ്ധതികൾ ഒരുങ്ങുന്നു.കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയുള്ള കല്ലുമ്മക്കായ, കടൽ മത്സ്യ വിത്തുത്പാദന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വിപുലമായ പദ്ധതികൾ നടപ്പാക്കാനാരംഭിക്കും.എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മസൽ ഹാച്ചറി ആൻഡ് മറൈൻ ഫിൻഫിഷ് ബ്രൂഡ് ബാങ്ക് എന്ന പദ്ധതിക്കായി അഞ്ചുകോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയിലെ സിവിൽ പ്രവൃത്തികൾ ഇതിനകം 80 ശതമാനം പൂർത്തീകരിച്ചു. ഹാച്ചറി കെട്ടിട നിർമാണം, സംപ് ടാങ്ക്, ചുറ്റുമതിൽ എന്നീ പ്രവൃത്തികളാണ് പൂർത്തിയാകാനുള്ളത്.ഇടനിലക്കാരുടെ ചൂഷണത്തിൽ കഴിയുന്ന കല്ലുമ്മക്കായ കർഷകർക്ക് ആശ്വാസമാകുന്ന പദ്ധതികളാണ് ഇതിനൊപ്പം വകുപ്പ് വിഭാവനം ചെയ്യുന്നത്. കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തും മതിയായ വില ലഭിക്കുന്നതിനായി സംഭരണകേന്ദ്രവുമാണ് ആദ്യഘട്ടം. കണ്ണൂർ ജില്ലയിലും കാസർകോട് ജില്ലയിലെ വലിയപറമ്പ്, പടന്ന, തൃക്കരിപ്പൂർ പഞ്ചായത്തുകളിലാണ് പ്രധാനമായും കല്ലുമ്മക്കായ കൃഷിചെയ്യുന്നത്.ഒരു ചാക്ക് വിത്തിന് 7,500 9,500 രൂപ

കാലാവസ്ഥ വ്യതിയാനം മൂലം വിള നശിക്കുന്നതും വിത്തിന്റെ ഗുണമേന്മ ഇല്ലായ്മ നിമിത്തം ഉത്പാദനം കുറയുന്നതുമാണു കഴിഞ്ഞ കുറെ കാലമായി ഈ കൃഷി മേഖലയിൽ കണ്ടു വരുന്നത്. നിലവിൽ കോഴിക്കോട്, മലപ്പുറം, മംഗളൂരു എന്നിവിടങ്ങളിൽനിന്നാണ് കർഷകർ കല്ലുമ്മക്കായ വിത്ത് വാങ്ങുന്നത്. ഒരു ചാക്ക് വിത്തിന് 7,500 രൂപ മുതൽ 9,500 രൂപ വരെയാണ് ഇടനിലക്കാർ വിലയീടാക്കുന്നത്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തിൽ കൃഷി മേഖലയിൽ തന്നെ ഹാച്ചറി സ്ഥാപിക്കുകയും വിള സംഭരിക്കുന്നതിനു സർക്കാർ നിയന്ത്രണത്തിൽ സംഭരണ കേന്ദ്രങ്ങൾ തുറക്കുകയും ചെയ്താൽ കർഷകരുടെ വരുമാനത്തിൽ വർദ്ധന ഉണ്ടാകും. മാത്രമല്ല, കൂടുതൽ പേർ ഈ കൃഷിമേഖലയിലേക്ക് ആകർഷിക്കപ്പെടും.

മലബാറിന് നേട്ടംകല്ലുമ്മക്കായ കൃഷി ഏറ്റവും കൂടുതലായി കാണപ്പെടുന്ന മലബാർ മേഖലയിൽ ഹാച്ചറി ആരംഭിക്കുന്നതോടെ ഈ രംഗത്ത് വലിയ കുതിപ്പാകും.

മത്സ്യകർഷകർക്ക് ഏറെ പ്രയോജനകരമായ പദ്ധതിയായി ഇത് മാറും. സി.എം.എഫ്.ആർ.ഐയുടെ സഹായത്തോടെ ശാസ്ത്രീയ പഠനങ്ങളും ഗവേഷണങ്ങളും നടത്തിയാണ് ഗുണനിലവാരമുള്ള വിത്തുകൾ ഉത്പാദിപ്പിക്കുന്നത്.

# രാജ്യത്ത് പുരുഷ വന്ധ്യത വർദ്ധിക്കുന്നു :ഡബ്ല്യുഎച്ച്ഒ

**തിരുവനന്തപുരം:** രാജ്യത്ത് പുരുഷ വന്ധ്യത വർദ്ധിക്കുന്നതായി ലോകാരോഗ്യ സംഘടനയുടെ(ഡബ്ലിയുഎച്ച്ഒ) കണക്കുകൾ. ഇന്ത്യയിൽ ഏതാണ്ട് 15 മുതൽ 20% വരെയാണ് വന്ധ്യതയുടെ നിരക്ക് എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നത്. ഇതിൽ തന്നെ 40%നടുത്ത് പുരുഷ വന്ധ്യതയാണ്. ആഗോള തലത്തിൽ, ഓരോ വർഷവും പ്രശ്നം നേരിടുന്ന 6080 ദശലക്ഷം ദമ്പതിമാരിൽ 1520 ദശലക്ഷം ദമ്പതിമാർ ഇന്ത്യയിലാണ്. വികസ്വര രാജ്യങ്ങളിലെ നാലിൽ ഒരു ദമ്പതിമാർ വന്ധ്യതാ വെല്ലുവിളികൾ നേരിടുന്നുണ്ട് എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പറയുന്നത്. 1014% ഇന്ത്യൻ ദമ്പതിമാർ വന്ധ്യരാണ് എന്നാണ് ഇന്ത്യൻ സൊസൈറ്റി ഓഫ് അസിസ്റ്റഡ് റിപ്രൊഡക്ഷൻ (ഐ എസ് എ ആർ) പറയുന്നത്. കഴിഞ്ഞ ഒരു ദശാബ്ദത്തിൽ അധികമായി ഇന്ത്യയിൽ പുരുഷ വന്ധ്യത ഉയർന്നു കൊണ്ടേയിരിക്കുന്നു എന്നാണ് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ശ്രദ്ധയും അതിന്റെ പ്രയാസങ്ങളും എല്ലാം തന്നെ എന്നും സ്ത്രീകളിലാണ് ഒതുങ്ങി നിൽക്കുന്നത്. വന്ധ്യത നേരിടുന്ന വലിയ ഒരു വിഭാഗം പുരുഷന്മാരും നിശബ്ദമായി സഹിക്കുകയും അനുയോജ്യമായ പരിപാലനമോ മാർഗ്ഗനിർദ്ദേശമോ ലഭിക്കാതെ വലയുകയും ചെയ്യുന്നു.നിർജ്ജീവമായ ജീവിതശൈലികളും സമ്മർദ്ദവും മൂലം നഗരങ്ങളിലെ പുരുഷന്മാരിൽ വന്ധ്യത വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. കായിക പ്രവർത്തനങ്ങളുടെ അപര്യാപ്തത ടെസ്റ്റോസ്റ്റിറോൺ ഉൽപ്പാദനത്തെ ബാധിക്കുന്നു. ഇതിന്റെ കുറഞ്ഞ ഉൽപ്പാദനം ബീജത്തിന്റെ നിലവാരത്തെ കുറയ്ക്കുന്നു. തൊഴിലിടങ്ങളിലെ സമ്മർദ്ദം ഉൽകണ്ഠക്ക് കാരണമാവുകയും അത് ഹോർമോൺ അസന്തുലിതാവസ്ഥയുമായി ചേരുമ്പോൾ വിഷാദം ഉണ്ടാവുകയും ശാരീരികമായ കരുത്ത് കുറയുകയും ചെയ്യും. ആധുനിക ജീവിതശൈലി മൂലം ജനങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാണ് വ്യായാമവും ആരോഗ്യകരമായ ഭക്ഷണക്രമം പാലിക്കലും. ദിവസം മുഴുവൻ കസേരയിലിരുന്ന് തൊഴിലെടുക്കുവാൻ നിർബന്ധിതരാക്കുന്ന ജീവിതശൈലിയാണ് ഇന്നുള്ളത്. ജീവിതശൈലിയിലേക്ക് സന്തുലിതമായ ശാരീരികക്ഷമതാ ദിനചര്യ കൂട്ടിച്ചേർക്കുന്നത് ശാരീരികമായ ക്ഷേമം മെച്ചപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്, അതോടൊപ്പം തന്നെ മാതാപിതാക്കളാകുവാനുള്ള യാത്രയിൽ പിന്തുണ നൽകുകയും ചെയ്യുമെന്ന് തിരുവനന്തപുരം നെസ്റ്റ് ഫെർട്ടിലിറ്റി വന്ധ്യതാ വിദഗ്ധ ഡോക്ടർ രവിശങ്കർ പറഞ്ഞു.




## വിദ്യാഭ്യാസാനുകൂല്യം: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 202425 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസായതിനു ശേഷം കേരള സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ റഗുലർ കോഴ്സിനു ഉപരിപഠനം നടത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾ, നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ ആഗസ്റ്റ് 15 നു മുമ്പായി പദ്ധതിയുടെ ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം. പ്രസ്തുത അപേക്ഷ വിദ്യാർഥി/വിദ്യാർഥിനി ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തിയതായിരിക്കണം. അപേക്ഷയോടൊപ്പം അംഗത്വ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ്, വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## പരീക്ഷകൾ മാറ്റി

**തിരുവനന്തപുരം:** ജൂലൈ 31, ആഗസ്റ്റ് ഒന്ന് തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരുന്ന ഗവ: കൊമേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഡി.എസ്.പി പരീക്ഷകൾ മാറ്റി. പരീക്ഷയുടെ പുതുക്കിയ തീയതികൾ തുടർന്ന് അറിയിക്കും.

# കെ എം എ ഇൻസ്പെയർ സീരിസ് സംഘടിപ്പിച്ചു




**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസ്പെയർ സീരിസ് സംഘടിപ്പിച്ചു. ഡിസ്കവറിംഗ് കേരള ദി എമേർജിംഗ് ആർ ആന്റ് ഡി പവർഹൗസ് തിങ്ക് ഗ്ലോബലി ആക്ട് ലോക്കലി എന്ന വിഷയത്തിലായിരുന്നു ചർച്ച.സുരാക് ഫിൽറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റാസിൻ റഹ്മാൻ, ഇൻഫോപാർക്സ് കേരള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സുശാന്ത് കുറുന്തിൽ, അർജുന നാച്യുറൽ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പി ജെ കുഞ്ഞച്ചൻ എന്നിവർ കെ എം എ ഇൻസ്പെയർ ടോക്കിൽ പങ്കെടുത്തു. പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി പുതിയ കാഴ്ചപ്പാടുകളും കണ്ടെത്തലുകളും അവതരിപ്പിക്കുകയും ചെയ്യുമ്പോഴാണ് പുതിയ വഴികൾ വെട്ടിത്തുറക്കാനാവുന്നതെന്ന് റാസിൻ റഹ്മാൻ പറഞ്ഞു. ഒരു കാര്യം ചെയ്യണമെന്ന് തീരുമാനിച്ചാൽ നാളേക്ക് നീട്ടിവെക്കാതെ ഇന്നലെ തന്നെ ചെയ്യണമെന്ന് ആലോചിക്കുന്നയാളാണ് താനെന്നും അതുവഴിയാണ് സഞ്ചരിക്കാറുള്ളതെന്നും പി ജെ കുഞ്ഞച്ചൻ പറഞ്ഞു. ഏതുകാര്യം ചെയ്യുമ്പോഴും വ്യത്യസ്തമായും പുതിയ രീതിയിലും ചെയ്യണമെന്നതും നിർബന്ധമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. പുതിയ അവതരണം നടത്തുമ്പോൾ പ്രശ്നങ്ങൾ മുമ്പിൽ വരുമെങ്കിലും പ്രശ്നങ്ങളെ കുറിച്ചല്ല പരിഹാരങ്ങളെ കുറിച്ചാണ് ആലോചിക്കേണ്ടതെന്നും പി ജെ കുഞ്ഞച്ചൻ പറഞ്ഞു. എല്ലാ ദിവസവും ചുറ്റും നടക്കുന്ന കാര്യങ്ങളെ കുറിച്ച് അറിയുകയും വിജയത്തിന്റെ കഥകളിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുകയും വേണമെന്ന് സുശാന്ത് കുറുന്തിൽ പറഞ്ഞു. പുതിയ ആശയങ്ങളുണ്ടാക്കുകയും ബിസിനസ് രംഗത്തെ മികച്ചതാക്കുകയും ചെയ്യാനാവണം. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് സാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

